ഉപയോഗിക്കുന്നതുപോലെ തന്നെ എല്ലാ ആവശ്യങ്ങൾക്കും ഇ-കാർഡ് ഉപയോഗിക്കാവുന്നതാണ്. ഇ-റേഷൻ കാർഡ് പദ്ധതി സമ്പൂർണ്ണമായി നടപ്പാക്കുന്നതിന് കാലയളവ് നിശ്ചയിച്ചിട്ടില്ല.

പ്രവാസി ക്ഷേമ പദ്ധതികൾ

23 (*23) ഡോ. കെ. ടി. ജലീൽ:
ശ്രീ. എം. നൗഷാദ്:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിയെ തുടർന്ന് ജോലി നഷ്ടപ്പെട്ട് തിരികെയെത്തിയ പ്രവാസികളെ സംരക്ഷിക്കുന്നതിന് ഇതര സംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമായി സർക്കാർ ആവിഷ്കരിച്ച പദ്ധതികളുടെ വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) സംരംഭകത്വ സഹായ പദ്ധതികളുടെ ഭാഗമായി ആരംഭിക്കുന്ന പ്രവാസി ഭദ്രത പേൾ, പ്രവാസി ഭദ്രത മെഗാ എന്നിവയുടെ വിശദാംശങ്ങൾ നൽകുമോ; പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നതിലൂടെ തൊഴിൽ രഹിത പ്രവാസി മേഖലയിൽ എന്തെല്ലാം മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(എ&ബി) കോവിഡ്മൂലം തൊഴിൽ നഷ്ടപെട്ട് മടങ്ങിയെത്തിയ പ്രവാസികൾക്കായി നോർക്ക പ്രവാസി പുനരധിവാസ ഏകോപന സംയോജന പദ്ധതി, 'പ്രവാസി ഭദ്രത' എന്ന പേരിൽ ആരംഭിച്ചു. ഇവരെ പുനരധിവസിപ്പിക്കുന്നതിനും അവരുടെ നിലനിൽപ്പിനാവശ്യമായ തൊഴിൽ സംരംഭപദ്ധതികൾ ആവിഷ്കരിക്കുന്നതിലേയ്ക്കുമായി 2021-22-ലെ ബഡ്ജറ്റിൽ 50 കോടി രൂപ വകയിരുത്തിയിരുന്നു. വിവിധ സർക്കാർ വകുപ്പുകൾ, ഏജൻസികൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവയുടെയും വിവിധ ധനകാര്യ സ്ഥാപനങ്ങളുടെയും സ്വയം തൊഴിൽ/പുനരധിവാസ പദ്ധതികൾ/പരിപാടികൾ എന്നിവ ഏകോപിപ്പിച്ച് പ്രവാസി കേരളീയർക്ക് ലഭ്യമാക്കുവാൻ ഈ പദ്ധതി വിഭാവനം ചെയ്യുന്നു. താഴെപ്പറയുന്ന തൊഴിൽ സംരംഭകത്വ പദ്ധതികളാണ് പ്രവാസി പുനരധിവാസ ഏകോപന സംയോജന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നത്.

1. നാനോ എന്റർപ്രൈസ് അസിസ്റ്റൻസ് സ്കീം (പ്രവാസി ഭദ്രത - പേൾ) അവിദഗ്ധ തൊഴിൽ മേഖലകളിൽ നിന്നുള്ളവരും കുറഞ്ഞ വരുമാനപരിധിയിൽ വരുന്നവരുമായ പ്രവാസി കേരളീയർ, അവരുടെ കുടുംബാംഗങ്ങൾ എന്നിവർക്കായി കുടുംബശ്രീ വഴി പലിശരഹിത സംരംഭകത്വ വായ്പകളും സഹായങ്ങളും നൽകി സാമ്പത്തിക

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സ്വാശ്രയത്വം നൽകുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. അപേക്ഷകൻ കുടുംബശ്രീ അയൽക്കൂട്ട അംഗത്വം നേടിയ പ്രവാസിയോ അല്ലെങ്കിൽ അയൽക്കൂട്ട അംഗത്തിന്റെ കുടുംബാംഗമായ പ്രവാസിയോ ആയിരിക്കണം. പരമാവധി 2 ലക്ഷം രൂപ വരെയുള്ള പലിശരഹിത വായ്പയാണ് നൽകുന്നത്. ഇതിന്റെ തിരിച്ചടവ് കാലാവധി 24 മാസമാണ്.

2. സ്പെഷ്യൽ അസിസ്റ്റൻസ് സ്കീം (പ്രവാസി ഭദ്രത-മെഗാ) സ്വയം തൊഴിൽ പദ്ധതികൾക്കായി KSIDC മുഖാന്തരം 25 ലക്ഷം രൂപ മുതൽ 2 കോടി രൂപ വരെ 8.25% മുതൽ 8.75% വരെ പലിശ നിരക്കിൽ വായ്പ നൽകുന്ന പദ്ധതിയാണ് 'പ്രവാസി ഭദ്രത മെഗാ' . പ്രസ്തുത പലിശ നിരക്കിൽ, 5% ഗുണഭോക്താവും 3.25% മുതൽ 3.75% വരെ പലിശ സബ്സിഡിയായി തൈമാസ കാലയളവിൽ അനുവദിക്കും.

ഇതുകൂടാതെ, മടങ്ങിയെത്തിയ പ്രവാസികളെ സംരക്ഷിക്കുന്നതിന് താഴെപ്പറയുന്ന പദ്ധതികളും നടപ്പിലാക്കിവരുന്നുണ്ട്.

NDPREM-തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഗുണഭോക്താക്കളായി പരിഗണിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിനാവശ്യമായ സഹായം നൽകുന്ന പദ്ധതിയാണ് നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രൻസ് (NDPREM). പ്രവാസി ഭദ്രത പദ്ധതി കൂടാതെ NDPREM പദ്ധതി വിപുലീകരിച്ചതിന്റെ ഭാഗമായി പദ്ധതിവിഹിതം 2020-21 സാമ്പത്തിക വർഷത്തിലെ 18 കോടി രൂപയിൽനിന്ന് 2021-22 സാമ്പത്തിക വർഷത്തിൽ 24.4 കോടി രൂപയായി വർദ്ധിപ്പിച്ചു. സംരംഭങ്ങൾ തുടങ്ങാനായി 30 ലക്ഷം രൂപവരെയുള്ള ബാങ്ക് വായ്പകൾക്ക് 15% മൂലധന സബ്സിഡിയും (പരമാവധി 3 ലക്ഷം) 4 വർഷത്തേയ്ക്ക് 3% പലിശ സബ്സിഡിയുമാണ് പദ്ധതി മുഖേന നൽകുക. സംരംഭങ്ങൾ തുടങ്ങാനുദ്ദേശിക്കുന്നവർക്ക് സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (സി.എം.ഡി.) മുഖേന വേണ്ട ഉപദേശങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും ലഭ്യമാക്കുന്നു. കൃഷി, വ്യവസായം, കച്ചവടം, സേവനങ്ങൾ, വാഹന വായ്പ, ഉത്പാദനം എന്നീ സംരംഭങ്ങൾക്കും സ്റ്റാർട്ട് അപ്പ് മിഷൻ മുഖേനയുള്ള പ്രോജക്ട്സിനും ടി പദ്ധതി മുഖേന ബാങ്ക് വായ്പ നൽകി വരുന്നു. ഇതുകൂടാതെ തിരിച്ചെത്തുന്ന പ്രവാസികളുടെ പുനരധിവാസം സുഗമമാക്കുന്നതിനും പുതിയ കുടിയേറ്റ മേഖലകളിലേയ്ക്ക് നയിക്കുന്നതിനുമായി "നോർക്ക സ്കിൽ റിപ്പോസിറ്ററി പദ്ധതി" എന്ന പേരിൽ ഏകജാലക സംവിധാനവും മടങ്ങിവന്നവരുടെ തൊഴിൽ

LIBRARY ARCHIVES Kerala Legislative Assembly

വൈദഗ്ധ്യം ഇന്ത്യയ്ക്കകത്തും വിദേശത്തുമുള്ള തൊഴിൽ വിപണിയിലെ വെല്ലുവിളികൾ നേരിടത്തക്കവിധം മെച്ചപ്പെടുത്തുന്നതിനായി "സ്കിൽ അപ്ഗ്രഡേഷൻ & റീഇന്റഗ്രേഷൻ പ്രോഗ്രാം" എന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. പ്രവാസി ഭദ്രത-പേൾ, പ്രവാസി ഭദ്രത-മെഗാ എന്നീ പദ്ധതികൾ 2021 ആഗസ്റ്റ് 26-ന് ഉദ്ഘാടനം ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതികളിലേയ്ക്ക് ഗുണഭോക്താക്കളെ കണ്ടെത്തിക്കൊണ്ടിരിക്കുന്നു. പദ്ധതി നടത്തിപ്പിനായി ആദ്യഘട്ട തുകയിൽ 15 കോടി രൂപ ഇതിനകംതന്നെ കുടുംബശ്രീ മിഷന് കൈമാറിയിട്ടുണ്ട്. തിരിച്ചുവരുന്ന പ്രവാസികളുടെ സമഗ്ര പുനരധിവാസ പദ്ധതിയായ NDPREM-ൽ കോവിഡ് കാലയളവായ 2020-2021 മുതൽ നാളിതുവരെയായി 1030 പ്രവാസികൾ ഗുണഭോക്താക്കളായിട്ടുണ്ട്. മടങ്ങിവന്ന് നാട്ടിൽ തൊഴിൽ തേടുന്നവരെ ലക്ഷ്യമിട്ടുള്ള പ്രവാസി ഭദ്രത, NDPREM എന്നീ പദ്ധതികളിലൂടെ സമഗ്രമായ പുനരധിവാസ സാധ്യതയാണ് സർക്കാർ ലക്ഷ്യമിടുന്നത്. വിദേശങ്ങളിലേയ്ക്ക് മടങ്ങിപ്പോകാൻ ആഗ്രഹിക്കുന്നവർക്ക് നൈപുണ്യ വികസനത്തിനുള്ള (Upskilling) പദ്ധതി അങ്ങേയറ്റം പ്രയോജനപ്രദമാണ്. ഇവ വഴി കോവിഡ് മഹാമാരിയെത്തുടർന്ന് തൊഴിൽ നഷ്ടപ്പെട്ട പ്രവാസികളുടെ ജീവിതമാർഗ്ഗം തുറക്കാൻ കഴിയും.

ശബരിമല വിമാനത്താവള പദ്ധതി

24 (*24) ശ്രീ. മാണി സി. കാപ്പൻ:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) ശബരിമല വിമാനത്താവള പദ്ധതിയുടെ സാധ്യതാ പഠനം നടത്തിയിട്ടുണ്ടോ; ആയതിന്റെ റിപ്പോർട്ട് പൂർത്തിയായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ആരെയാണ് സാധ്യതാ പഠനത്തിനായി ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കാമോ?

(എ&ബി) ശബരിമല തീർത്ഥാടകരുടെ സൗകര്യാർത്ഥം ഒരു ഗ്രീൻഫീൽഡ് എയർപോർട്ട് സ്ഥാപിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയും സാധ്യതാപഠനം നടത്തുന്നതിനും സർക്കാർ കെ.എസ്.ഐ.ഡി.സി.-യെ ചുമതലപ്പെടുത്തിയും ഉത്തരവായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ നിർദ്ദിഷ്ട ശബരിമല വിമാനത്താവളത്തിന്റെ ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി പഠനത്തിനായും പരിസ്ഥിതി ആഘാത പഠനത്തിനായും ലൂയിസ് ബർഗർ